## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1201 03.12.2018 - ൽ മറുപടിക്ക്

**<u>നടക്കാവ്-ഓലിപ്പുറം സംസ്ഥാനപാത</u>**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.അനൂപ് ജേക്കബ് :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | നടക്കാവ് ഓലിപ്പുറം സംസ്ഥാനപാതയിൽ മുളന്തുരുത്തി -പുളിക്കമാലി ഭാഗത്ത് അപകടകരമായ രീതിയിൽ കുഴികൾ രൂപപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിൽ കാരിക്കോട് സ്കൂളിനു സമീപമുള്ള കുഴിയിൽ വീണ് ഉണ്ടായ ബൈക്ക് അപകടത്തിൽ എൽവിൻ ജയിംസ് എന്നയാൾ മരിക്കുകയും ബൈക്കിന് പിന്നിൽ യാത്രചെയ്ത ആൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത സംഭവം, റോഡ് അടിയന്തരമായി ഗതാഗത യോഗ്യമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നതായി കരുതുന്നുണ്ടോ; | (ബി) & (സി) | ഉണ്ട്. പ്രസ്തുത റോഡിൽ കാരിക്കോട് സ്കൂളിന് സമീപമുള്ള കുഴി വെറ്റ് മിക്സ് മക്കാഡം ഉപയോഗിച്ച് താൽക്കാലികമായി അടച്ചിരുന്നു. റോഡിലെ വലിയ കുഴികൾ 36 എം.എം. മെറ്റൽ ഉപയോഗിച്ച് അടച്ച് തുടങ്ങി. ടി റോഡിൽ മുളന്തുരുത്തി മുതൽ പുളിക്കമാലി വരെയുള്ള ഭാഗം ബഡ്ജറ്റ് വർക്കിൽപ്പെടുത്തി റീടാർ ചെയ്യുന്നതിനായി ടെണ്ടർ ചെയ്തിരുന്നു. എന്നാൽ 22/10/2018 തീയതിയിൽ തുറന്ന പ്രസ്തുത ടെണ്ടറിലും, 16/11/2018 തീയതിയിലെ റീ ടെണ്ടറിലും അനുകൂലമായ പ്രതികരണം ലഭിക്കാത്തതിനാൽ ടി വർക്ക് ക്വട്ടേഷൻ അടിസ്ഥാനത്തിൽ |
| (സി) | പ്രസ്തുത റോഡിന്റെ ടെൻഡർ/ക്വട്ടേഷൻ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ച് റോഡ് എത്രയും വേഗം ഗതാഗതയോഗ്യമാക്കാൻ | | |

| | |
|---|---|
| നടപടി സ്വീകരിക്കുമോ? | അറേഞ്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള സത്വരനടപടികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**